നം.ഡി6/18147/2023/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 28/12/2023

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം-ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി(ഹയർ/ ലോവർ)– 2024 കൂടുന്നതിലേയ്ക്ക്- കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 2020, 2021 **മാന്വലായും 01.01.2022 മുതൽ 31.12.2022 വരെ ഓൺലൈൻ (സ്പാർക്ക്) മുഖേനയും** സമർപ്പിക്കുന്നത്- സംബന്ധിച്ച്.

| | | |
|---|---|---|
| സൂചന: | 1. | 14/03/07 ലെ സർക്കാർ സർക്കുലർ നം.11919/ആർ.1/06/പി &എ.ആർ. ഡി. |
| | 2. | 02/11/2011-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം.ഡി6/67315/2011/ഡി.പി.ഐ. |
| | 3. | സ.ഉ(സാധാ)നം.3113/2021/പൊ.വി.വ തീയതി. 18/08/2021 |
| | 4. | 28.10.2022 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. ഡി6/9443/2021/ഡിജിഇ |
| | 5. | 30.12.2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/9443/2021/ഡിജിഇ നം. കത്ത്. |
| | 6 | 28.03.2023 ലെ പൊ.വി.വ സി3/51/2023/പൊ.വി.വ നം. സർക്കാർ കത്ത് |
| | 7. | 30.03.2023 ലെ ഡി6/13443/2022/ഡിജിഇ നമ്പർ സർക്കുലർ |
| | 8. | 05.07.2023 ലെ പൊതു വിദ്യാഭ്യാസ (സി) വകുപ്പിലെ സി4/146/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്. |

***************

2024 വർഷത്തിലുണ്ടാകുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ വിദ്യാഭ്യാസ ഉപഡയറക്ടർ വരെയുള്ള അക്കാദമിക് വിഭാഗം തസ്തികകളിലേയ്ക്കും, സീനിയർ സൂപ്രണ്ട്/ സൂപ്പർവൈസർ (എൻ.എഫ്) മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് /എ.ഒ.(പി.എഫ്) വരെയുള്ള മിനിസ്റ്റീരിയൽ വിഭാഗം തസ്തികകളിലേയ്ക്കും സ്ഥാനക്കയറ്റം നൽകുന്നതിനായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇതിലേക്കായി ഹെഡ് ക്ലാർക്ക് മുതൽ എഎ/എഒ/എപിഎഫ്ഒ വരെയുള്ള മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വരെയുള്ള അക്കാദമിക് വിഭാഗം ജീവനക്കാരുടേയും 01.01.2020 മുതൽ 31.12.2022 വരെയുള്ള മൂന്ന് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്പാർക്ക്) മുഖേനയും)** 'സ്വയം വിലയിരുത്തൽ റിപ്പോർട്ട്' സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 12/01/2024 വൈകുന്നേരം 4 മണിക്ക് മുൻപായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. **സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടെയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്പാർക്ക്) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന്**

ഉറപ്പുവരുത്തേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുന്ന അവസരത്തിൽ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. സി.ആർ റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥനും / റിവ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥനും സൂചന (2)- ൽ പരാമർശിച്ചിരിക്കുന്ന സർക്കുലറിനു വിധേയമായിട്ടായിരിക്കണം സി.ആർ നൽകേണ്ടത്. (സർക്കുലർ www.education.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്) പ്രസ്തുത സർക്കുലറിൽ നിന്നും വ്യത്യസ്തമായി സമർപ്പിക്കുന്ന സി.ആറുകൾ ഡി.പി.സിയിൽ പരിഗണിക്കുന്നതല്ല.

2. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകി കയ്യൊപ്പ് വാങ്ങിയതിനുശേഷം മാത്രമേ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു അയയ്ക്കുവാൻ പാടുള്ളൂ. പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കൈയൊപ്പ് വാങ്ങാതെ അയയ്ക്കുന്നവയും ശരിയായ രീതിയിൽ തയ്യാറാക്കാത്തതും റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടത്താത്തതുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡി.പി.സി യിൽ പരിഗണിക്കുന്നതല്ല. റിപ്പോർട്ടിംഗ് കാലഘട്ടത്തിൽ അച്ചടക്ക നടപടി കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് നമ്പറും, തീയതിയും വ്യക്തമാക്കിയിരിക്കണം.

3. കോൺഫിഡൻഷ്യൽ റിപ്പോർട്ട്, റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥനും/റിവ്യൂ ചെയ്യുന്ന ഉദ്യോഗസ്ഥനും അവരുടെ പേരും ഔദ്യോഗിക പദവി, ആഫീസ് സീൽ, തീയതി എന്നിവയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

4. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരുടെ ഓഫീസിൽ ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഒരു പ്രത്യേക രജിസ്റ്ററിൽ പേര്, മേൽവിലാസം, ലഭിച്ച തീയതി, പൊതു വിദ്യാഭ്യാസ ഡയറക്ടർക്കയച്ച തീയതി എന്നിവ വ്യക്തമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരിക്കണം

5. പ്രൊമോഷൻ ലഭിക്കാൻ വേണ്ട എല്ലാ വിദ്യാഭ്യാസ യോഗ്യതകളും, ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകളും വിജയിച്ചതിന്റെ വിശദാംശങ്ങൾ സി. ആറിന്റെ 1-ാം പേജിൽ വ്യക്തമായി രേഖപ്പെടുത്തണം. ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസായതിന്റെ വിശദവിവരങ്ങൾ ഓരോ പേപ്പറും പ്രത്യേകം തരംതിരിച്ച് രജിസ്റ്റർ നമ്പർ, വർഷം എന്നിവ സഹിതം ഒന്നാം പേജിൽ രേഖപ്പെടുത്താത്ത സി.ആറുകൾ ഡി.പി.സി യിൽ പരിഗണിക്കുന്നതല്ല.

6. നിലവിലെ തസ്തികയിലെ സീനിയോറിറ്റി നമ്പർ, വർഷം, പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവ് നമ്പർ, തീയതി എന്നിവ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ ഒന്നാം പേജിൽ മുകൾഭാഗത്ത് ചുവന്ന മഷിയിൽ രേഖപ്പെടുത്തണം.

7. നിർദ്ദിഷ്ട ഫോറത്തിൽ (ഗസറ്റഡ് ആഫീസർമാർ ഫാറം 11 ബി, നോൺ ഗസറ്റഡ് ആഫീസർമാർ ഫാറം 11 എ) തന്നെ ആയിരിക്കണം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. പ്രസ്തുത ഫാറത്തിലല്ലാത്ത രീതിയിലുള്ള സി.ആറുകൾ ഡി.പി.സി യിൽ പരിഗണിക്കുന്നതല്ല.

8. ഒരു കലണ്ടർ വർഷത്തേക്ക് ഒരു കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്ന ക്രമത്തിലോ റിപ്പോർട്ട് എഴുതുന്നതും എഴുതപ്പെടുന്നതുമായ ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ഉണ്ടാകുമ്പോഴോ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എഴുതി സമർപ്പിക്കേണ്ടതാണ്. കലണ്ടർ വർഷത്തിലല്ലാതെ സമർപ്പിക്കുന്ന സി.ആറുകൾ ഡി.പി.സി യിൽ പരിഗണിക്കുന്നതല്ല.

9. ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഓഫീസർമാരുടെ പെൻഷൻ തുടങ്ങിയ അവസരങ്ങളിൽ ജോലി ചെയ്തിരുന്ന കാലത്തെ (45 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ) കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കി വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ എത്തിച്ച് തരേണ്ടതാണ്. 45 ദിവസത്തിൽ കുറവ് കാലഘട്ടമാണ് ജോലി ചെയ്തിട്ടുള്ളതെങ്കിൽ 04/01/2012 – ലെ സർക്കാർ സർക്കുലർ നം. 65813/സി.ആർ.സെൽ/12/ജി.എ.ഡി പ്രകാരം പ്രസ്താവന സമർപ്പിക്കേണ്ടതാണ്.

10. ദീർഘകാലം അവധിയിൽ ആയിരിക്കുന്ന ഉദ്യോഗസ്ഥർക്ക് അവധിയിൽ ആയിരിക്കുന്ന കാലത്തേക്ക് റിപ്പോർട്ടിങ്ങ് ഓഫീസർമാർ സി.ആർ നൽകാൻ പാടില്ല. ദീർഘകാല അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചതിനുശേഷം ഒരു വർഷത്തെ സി.ആർ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ അങ്ങനെയുള്ള ഉദ്യോഗസ്ഥരെ ഡി.പി.സി യിൽ പരിഗണിക്കുകയുള്ളു.

11. പ്രൊമോഷൻ ലഭിക്കാത്തതു കാരണം ഗ്രേഡുകൾ വാങ്ങി പ്രൊമോഷൻ യഥാസമയം ലഭിക്കേണ്ട അവസരത്തിൽ സ്വീകരിച്ചു കൊള്ളാം എന്ന ഉറപ്പിന്മേൽ തുടരുന്ന ഉദ്യോഗസ്ഥർ സ്ഥലംമാറ്റം സംഭവിക്കും എന്ന കാരണത്താൽ സി.ആർ നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഗ്രേഡുകൾ വാങ്ങിയ സി.ആർ നൽകേണ്ട ഉദ്യോഗസ്ഥർ സി.ആർ നൽകാത്ത പക്ഷം കർശനനടപടികൾ സ്വീകരിക്കുന്നതും അനർഹമായി വാങ്ങിയ ശമ്പളവും അലവൻസുകളും തിരികെ വസൂലാക്കുന്നതായിരിക്കും. കൺട്രോളിംഗ് ഓഫീസർമാർ ഇപ്രകാരം തുടരുന്ന ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ വിവരം രേഖാമൂലം പ്രത്യേകം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സി.ആർ നൽകേണ്ട കൺട്രോളിംങ്ങ് ഓഫീസർമാർക്കെതിരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്.

12. ഫൈനൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം അഡീഷണലായോ, പുതുക്കിയോ സീനിയോറിറ്റി നമ്പറുകൾ ലഭിക്കുന്ന ഉദ്യോഗസ്ഥർ അപ്രകാരം ഉത്തരവുകൾ ലഭിക്കുന്നതിന്റെ പകർപ്പുകൾ കൂടി സി.ആറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

13. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവർക്ക് ലഭിക്കുന്ന സി.ആർ.-കൾ ഓരോ കോളങ്ങളും വളരെ സൂക്ഷ്മമായി പരിശോധിച്ച് പിഴവുകൾ ഇല്ലെന്ന് ഉറപ്പു വരുത്തിയതിനുശേഷം മാത്രമേ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അയയ്ക്കുവാൻ പാടുള്ളൂ. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ഇക്കാര്യത്തിൽ ഒരു പുനഃപരിശോ

ധന ഉണ്ടായിരിക്കുന്നതല്ല. സി.ആർ.-കളിൽ ഉണ്ടാകുന്ന പിഴവുകൾക്ക് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് മാത്രമായിരിക്കും ഉത്തരവാദിത്തം. നിർദ്ദിഷ്ട യോഗ്യതകൾ ഉള്ള അർഹരായവരുടെ സി.ആർ കൾ സേവനപുസ്തകവുമായി നിർബന്ധമായും ഒത്തുനോക്കി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

14. ഏതെങ്കിലും ഓഫീസർമാരുടെ സി.ആർ നിശ്ചിത സമയത്തിനകം ലഭിച്ചതോ/ലഭിക്കാത്തതോ ആയ സാഹചര്യം വരികയും ഡി.പി.സി അംഗീകരിച്ച സെലക്റ്റ് ലിസ്റ്റിൽ പ്രസ്തുത ഓഫീസറെക്കാൾ ജൂനിയർ ഉൾപ്പെടുകയും ചെയ്താൽ ടി സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ഡി.പി.സി കൺവീനർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അത്തരം അപേക്ഷകൾ മാത്രമേ ടി ലിസ്റ്റ് പുന:ക്രമീകരണത്തിന് പരിഗണിക്കുകയുള്ളൂ.

15 കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ പേരിനൊപ്പം പെൻ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

16. **സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ആവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടേയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്പാർക്ക്) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

ഓരോ വിഭാഗത്തിലും 2024 വർഷത്തേക്കുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡി.പി.സി യിൽ പരിഗണനയ്ക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ചുവടെ പരാമർശിക്കുന്ന ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്ററുകളിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനുവലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്പാർക്ക്) മുഖേനയും)** ഡയറക്ടറേറ്റിൽ രേഖാമൂലം 12/01/2024 ന് മുൻപായി എത്തിച്ചിരിക്കേണ്ടതും ജീവനക്കാർ പ്രസ്തുത സി.ആറുകൾ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഡി.പി.സി യിൽ പരിഗണനക്കായി സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ഉദ്യോഗസ്ഥരുടെ സി. ആറുകളിൽ സി.ആർ ലഭ്യമല്ലാത്തവരുടെ വിവരവും അപാകതയുള്ള സി ആറുകളുടെ വിവരവും വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## അക്കാദമിക് വിഭാഗം

1. **ജില്ലാ വിദ്യാഭ്യാസ ഓഫീസർ:**

ഡയറക്ടറേറ്റിൽ നിന്നും 24/11/2020 ലെ ഡി4/13420/2019/ഡി.പി.ഐ. നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2015 വരെയുള്ള കാലയളവിലെ എച്ച്.എം./

*എ.ഇ.ഒ. സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് ഇതുവരെ സ്ഥാനക്കയറ്റം ലഭിക്കാത്ത വരുടെയും,* 05/03/2019 *ലെ ഡി4/11/17/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച* 01.01.2016 – 31.12.2016 *കാലയളവിലെ എച്ച്.എം/എ.ഇ.ഒ സീനി യോറിറ്റി ലിസ്റ്റിൽ നിന്നും* ഇതുവരെയും സ്ഥാനക്കയറ്റം ലഭിക്കാത്തവരുടെയും *അതോടൊപ്പം* ഡയറക്ടറേറ്റിൽ നിന്നും 15.05.2019 ലെ ഡി4/13420/19/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2017–18 കാലയളവിലെ എച്ച്.എം/എ.ഇ.ഒ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇതുവരെയും സ്ഥാനക്കയറ്റം ലഭിക്കാത്തവരുടേയും, ഡയറക്ടറേറ്റിലെ 05/03/2022 ലെ ഡി4/2798/2022/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച് 2019 മുതൽ 2021 വരെയുള്ള എച്ച്.എം/എ.ഇ.ഒ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് 150 വരെയുള്ളവരുടെയും, *കൂടാതെ മുൻകാല എച്ച്.എം./എ.ഇ.ഒ. സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് സർവ്വീസിലു ള്ളവരിൽ നാളിതുവരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്ഥാനക്കയറ്റം ലഭിക്കാ ത്തവരും 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ* (സ്പാർക്ക്) *മുഖേനയും)* സമർപ്പിക്കേണ്ടതാണ്. **സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടെയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്പാർക്ക്) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ–സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

2. *വിദ്യാഭ്യാസ ഉപഡയറക്ടർ:*

*നിലവിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്തികയിൽ തുടരുന്നവരും പ്രസ്തുത തസ്തികയിൽ നിന്നും ഡെപ്യൂട്ടേഷനിൽ തുടരുന്നവരും 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ* (സ്പാർക്ക്)*മുഖേനയും) സമർപ്പിക്കേണ്ടതാണ്.* **സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടെയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്പാർക്ക്) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി**

**പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

## *മിനിസ്റ്റീരിയൽ വിഭാഗം*

1. *സീനിയർ സൂപ്രണ്ട്/നൂൺ ഫീഡിംഗ് സൂപ്പർവൈസർ:*

*ഡയറക്ടറേറ്റിലെ 18/04/2022 ലെ എസ്.വൈ(2)/*417339/2022/ഡിജിഇ *ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 01/01/2019 മുതൽ 31/12/2019 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും* ഇതുവരെ സീനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റം ലഭിക്കാത്തവരും ഡയറക്ടറേറ്റിലെ 20/12/2022 ലെ എസ്.വൈ.2/648200 /2022 ഡിജിഇ നമ്പർ ഉത്തരവ് പ്രസിദ്ധീകരിച്ച 01/01/2020 മുതൽ 31/12/2021 വരെയുള്ള ജൂനിയർ സൂപ്രണ്ട് മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും *റാങ്ക് നം.* 80 *വരെയുള്ളവരും കൂടാതെ മുൻകാല ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് സർവ്വീസിലുള്ളവരിൽ നാളിതുവരെ സീനിയർ സൂപ്രണ്ട്/നൂൺ ഫീഡിംഗ് സൂപ്പർവൈസർ സ്ഥാനക്കയറ്റം ലഭിക്കാത്തവരും* 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ***(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനുവലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്റ്റോർ) മുഖേനയും)*** സമർപ്പിക്കേണ്ടതാണ്. **സ്റ്റോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോസ്ഥരുടെയും സ്റ്റോർ പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്റ്റോർ) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

2. *പി.എ ടു ഡി.ഇ.ഒ*

*ഡയറക്ടറേറ്റിലെ* 08/11/2023 ലെ ഡി1/14526/2023/ഡിജിഇ *നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച* 01/07/2023 തീയതി പ്രാബല്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന *സീനിയർ സൂപ്രണ്ട്മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും* റാങ്ക് നം. 175 വരെയുള്ളവരുടെ 3 *വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ* ***(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനുവലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്റ്റോർ) മുഖേനയും)*** സമർപ്പിക്കേണ്ടതാണ്. **സ്റ്റോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോസ്ഥരുടെയും സ്റ്റോർ പേഴ്സണൽ ലോഗിനിൽ**

**ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്റ്റോർ) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

3. *എ.എ/എ.ഒ/എ.പി.എഫ്.ഒ*

*നിലവിൽ പി.എ ടു ഡി.ഇ.ഒ തസ്തികയിൽ തുടരുന്ന എല്ലാവരും 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ* ***(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനുലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്റ്റോർ) മുഖേനയും)*** സമർപ്പിക്കേണ്ടതാണ്. **സ്റ്റോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോസ്ഥരുടെയും സ്റ്റോർ പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്റ്റോർ) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.** (സൂചന(7) സർക്കുലർ പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.)

4. *എ.ഒ.(പി.എഫ്)/സീനിയർ എ.എ*

*ഡയറക്ടറേറ്റിലെ* 08/11/2023 ലെ ഡി1/14526/2023/ഡിജിഇ *നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച* 01/07/2023 തീയതി പ്രാബല്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന *എ.എ./എ.ഒ./എ.പി.എഫ്.ഒ. സീനിയോറിറ്റി ലിസ്റ്റിൽ* റാങ്ക് നം. 10 വരെയുള്ളവരുടെ *3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ* ***(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാനുലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്റ്റോർ) മുഖേനയും)*** സമർപ്പിക്കേണ്ടതാണ്. **സ്റ്റോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാവശ്യമായ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോസ്ഥരുടെയും സ്റ്റോർ പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്. ഓൺലൈൻ(സ്റ്റോർ) മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് നടന്നതിനുശേഷം സ്വന്തം ലോഗിനിൽ എത്തി പരിശോധിച്ചതിനുശേഷം ഇ-സൈൻ ചെയ്ത് സബ്മിറ്റ് ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.** (സൂചന(7) സർക്കുലർ പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളവർ വീണ്ടും സമർപ്പിക്കേണ്ടതില്ല.)

ജീവനക്കാർ നിയമനം ലഭിച്ച തസ്തികയിലും തുടർന്ന് ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികകളിലും നിർബന്ധമായും പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കണം. ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തവരെയും അച്ചടക്കനടപടി നേരിടുന്നവരെയും ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കുകയില്ല. ജൂനിയർ സൂപ്രണ്ട് മുതൽ എ.എ/എഒ/എപിഎഫ്ഒ വരെയുള്ള മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ വരെയുള്ള ടീച്ചിംഗ് വിഭാഗം ഉദ്യോഗസ്ഥരും 3 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്പാർക്ക്) മുഖേനയും) 12/01/2024 നുള്ളിൽ** വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന റിപ്പോർട്ടിംഗ് റിവ്യൂവിംഗ് നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. **(01.01.2020 മുതൽ 31.12.2021 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാന്വലായും, 01.01.2022 മുതൽ 31.12.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ (സ്പാർക്ക്) മുഖേനയും)** കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ഉദ്യോഗസ്ഥരെ 2024 വർഷത്തിലുണ്ടാകുന്ന ഉദ്യോഗകയറ്റത്തിനു വേണ്ടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഹൈസ്കൂൾ/ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ തുടങ്ങിയവരെ അറിയിക്കേണ്ടതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജില്ലയ്ക്കകത്തും പുറത്തും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ ഇക്കാര്യം അതാത് ഉപഡയറക്ടർമാർ രേഖാമൂലം അറിയിക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടുന്ന അവസാന തീയതി 07/01/2024. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡി.പി.സി ലോവർ (ജൂനിയർ സൂപ്രണ്ടുമാർ) ഡി.പി.സി ഹയർ (ടീച്ചിംഗ്-എച്ച്.എം.,/എ.ഇ.ഒ തസ്തിക മുതൽ, നോൺ ടീച്ചിംഗ്-സീനിയർ സൂപ്രണ്ടുമുതൽ) പ്രത്യേകം തരം തിരിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ടീച്ചിംഗ്/മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ശേഖരിച്ചു വിശദമായി പരിശോധിച്ച ശേഷം മാത്രമേ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കുവാൻ പാടുള്ളു.

ഡി.പി.സി കൂടുന്ന അവസരത്തിൽ അപ്പോൾ നിലവിലുള്ള അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റുകൾ പ്രകാരമായിരിക്കും സെലക്റ്റ് ലിസ്റ്റ് പ്രൊമോഷനുവേണ്ടി തയ്യാറാക്കുന്നത്.

*നിർദ്ദിഷ്ട തീയതി കഴിഞ്ഞ് ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനു വേണ്ടി ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുമ്പോൾ റിപ്പോർട്ടിംഗ് ഓഫീസർമാർ / വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ടവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി സി.ആർ ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ട ശേഷം മാത്രമേ ഡയറക്ടറേറ്റിൽ സമർപ്പിക്കാൻ പാടുള്ളൂ.. ഡി.പി.സിയെ സംബന്ധിച്ച വിഷയങ്ങൾ ഡയറക്ട്രേറ്റിലെ 'ഡി' സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്.*

*ഫോൺ– 0471–2580512,* dpidsection@gmail.com

**ഷാനവാസ്.എസ്. ഐ.എ.എസ്.**
*പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരളം*
*തിരുവനന്തപുരം*

*സ്വീകർത്താവ്:*

*എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)*

*എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും*
*(വിദ്യാഭ്യാസ ഉപഡയറക്ടർമാർ സർക്കുലറും പ്രെഫോർമകളും ജില്ലയിലെ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരുകയും സർക്കുലറിന് അനുസൃതമായി സി.ആറുകൾ പൂരിപ്പിച്ച പ്രെഫോർമകൾ ഉൾപ്പെടെ യഥാസമയം സ്വീകരിച്ച് ഡയറക്ടറേറ്റിൽ **12/01/2024** നകം സമർപ്പിക്കേണ്ടതുമാണ്).*

*എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും*
*സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്സ്.എസ്സ്.കെ, നന്ദാവനം, തിരുവനന്തപുരം.*
*ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം.*
*ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, പൂജപ്പുര, തിരുവനന്തപുരം*
*ടെക്സ്റ്റ് ബുക്ക് ഓഫീസർ, പത്മവിലാസം റോഡ്, ഫോർട്ട്, തിരുവനന്തപുരം.*

*പകർപ്പ്:*
*എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണർ, ഹൗസിങ്ങ് ബോർഡ് ബിൽഡിങ്ങ്, തിരുവനന്തപുരം.*
*പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ഹയർസെക്കന്ററി വിഭാഗം)*

*സി. എ–*

*വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (ജനറൽ/അക്കാഡമിക്), ജോയിന്റ് ഡയറക്ടർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലാ ആഫീസർ, ലെയ്സൺ ഓഫീസർ, എല്ലാ ആഫീസർമാർക്കും, എല്ലാ സൂപ്രണ്ടുമാർക്കും അറിവിലേയ്ക്കായി സൂക്ഷിപ്പു ഫയൽ.*